## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 916 — 20.03.2013 -ൽ മറുപടിക്ക്.

### സ്കൂൾ പാചകത്തൊഴിലാളികൾക്ക് ക്ഷേമനിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂൾ പാചകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സമർപ്പിച്ച പരാതികൾ പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പാചകത്തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനും ഇപ്പോൾ ലഭിക്കുന്ന വേതനം വർദ്ധിപ്പിക്കുകയെന്ന ആവശ്യം പരിഗണിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) വിദ്യാഭ്യാസ വകുപ്പ് ഇക്കാര്യം പരിശോധിച്ചുവരുന്നു. |
| (സി) സ്കൂൾ പാചകത്തൊഴിലാളികൾ ക്ഷേമനിധി രൂപീകരിച്ച് പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) പാചക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുമായി 27.01.2011 ലെ സ.ഉ (കൈ) നമ്പർ.9/2011/തൊഴിൽ നമ്പർ ഉത്തരവു പ്രകാരം ക്ഷേമനിധി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതിൽ അംഗങ്ങളാകുന്നവർക്ക് പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.